പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 3001

22-02-2016 ൽ മറുപടിക്ക്

## കീഴ് പേരൂർ വാട്ടർഷെഡ് പദ്ധതി

**ചോദ്യം**

ശ്രീ. ബി.സത്യൻ

**മറുപടി**

ശ്രീ.കെ.പി. മോഹനൻ

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) നബാർഡ് സഹായത്തോടെ കിളിമാനൂർ ബ്ലോക്കിൽ കീഴ് പേരൂർ വാട്ടർഷെഡ് പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം തരത്തിലുള്ള പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്നും ആരുടെ മേൽനോട്ടത്തിലാണ് പ്രവൃത്തി നടപ്പിൽ വരുത്തുന്നതെന്നും വിശദമാക്കാമോ; | (എ) | ഉണ്ട്. നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ് XXI ൽ ഉൾപ്പെടുത്തി കിളിമാനൂർ ബ്ലോക്കിൽ നടപ്പിലാക്കുന്ന കീഴ് പേരൂർ വാട്ടർഷെഡ് എന്ന പദ്ധതിയുടെ അടങ്കൽ തുക 245.70 ലക്ഷം രൂപയാണ്. കല്ലുകയ്യാല, പുല്ല് വച്ച് പിടിപ്പിക്കൽ, റബ്ബറിനു തടം ഒരുക്കൽ, മൺകയ്യാല, മഴക്കുഴികൾ, സംരക്ഷണ ഭിത്തി, തടയണ, കുളം, റിങ്ങ് ടൈപ്പ് കുളം, റാമ്പ്, ഗുണഭോക്താക്കൾക്കുള്ള പരിശീലന പരിപാടി എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ.<br>27-02-2016 വൈകുന്നേരം 3 മണിക്ക് പ്രസ്തുത പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. അതിനുശേഷം മാത്രമേ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളൂ. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ തിരുവനന്തപുരം ജില്ലാ മണ്ണു സംരക്ഷണ ഓഫീസിലെ ഉദ്യോഗസ്ഥരുടെ സാങ്കേതിക സഹായത്തോടെ തെരഞ്ഞെടുത്ത ഗുണഭോക്തൃ കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. |
| (ബി) ഈ പദ്ധതിയിലെ പ്രവൃത്തികൾക്ക് കരാറുകാരെ തെരഞ്ഞെടുക്കുന്ന രീതി ഏതാണെന്ന് വ്യക്തമാക്കാമോ? | ((ബി) | പദ്ധതി പ്രവർത്തനങ്ങൾക്ക് കരാറുകാരെ തെരഞ്ഞെടുക്കാറില്ല. ഗുണഭോക്തൃ കമ്മിറ്റി, പരിചയസമ്പന്നരായ തൊഴിലാളികളെ ഉപയോഗിച്ച് പൊതുപ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്. വ്യക്തിഗത പ്രവൃത്തികൾ നേരിട്ടോ ഗുണഭോക്തൃക്കമ്മിറ്റി മുഖാന്തിരമോ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ